കേരള സർക്കാർ

# വടക്കേക്കര ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.12)1514/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 26.07.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.12)1514/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 26.07.2017

## എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 14.07.2017 മുതൽ 22.07.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജയ സി.ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | എൻ.എം. സജീവ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സന്തോഷ് കുമാർ.എം., ഓഡിറ്റർ (ഹ.ഗ്രേ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.എം. അംബ്രോസ് | 01.04.2016മുതൽ31.03.2017വരെ |
| സെക്രട്ടറി | സഞ്ജയ് പ്രഭു | 01.04.2016മുതൽ16.12.2016വരെ |
| | ചിന്നമ്മ.പി.വി., അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 17.12.2016മുതൽ20.12.2016വരെ |
| | സഞ്ജയ് പ്രഭു | 21.12.2016മുതൽ31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ചിന്നമ്മ.പി.വി | 01.04.2016മുതൽ30.11.2016വരെ അസിസ്റ്റന്റ് സെക്രട്ടറിയുടെ കാലയളവിൽ 1.12.2016 മുതൽ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | | 9.1.2017 വരെ ആരെന്ന് രേഖപ്പെടുത്തിയിട്ടില്ല |
| | ഷാജൻ.വി.എ | 10.01.2017മുതൽ31.03.2017വരെ |
| വി.ഇ.ഒ. വടക്കേക്കര സർക്കിൾ | വിജയകുമാർ.പി.പി | 01.04.2016മുതൽ31.03.2017വരെ |
| വി.ഇ.ഒ.മൂത്തകുന്നം സർക്കിൾ | കെ.വി.ലിജി | 01.04.2016മുതൽ31.03.2017വരെ |
| കൃഷി ഓഫീസർ | ദിവ്യ.കെ.എം | 01.04.2016മുതൽ31.03.2017വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | അംബിളി.അഗസ്റ്റിൻ | 01.04.2016മുതൽ31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സിന്ധു.എസ്. | 01.04.2016മുതൽ31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ബീന.എസ്. | 01.04.2016മുതൽ31.03.2017വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.അനിൽകുമാർ | 01.04.2016മുതൽ31.03.2017വരെ |
| മെഡിക്കൽ ഓഫീസർ(CHC) | ഡോ.സൈനാമേരി | 01.04.2016മുതൽ31.03.2017വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.അഭിലാഷ്.എസ്. | 01.04.2016മുതൽ23.06.2017വരെ |
| | ഡോ.മനീഷ | 24.06.2016മുതൽ31.03.2017വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | സുനിൽകുമാർ.എം.ബി | 01.04.2016മുതൽ31.03.2017വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സ്മിത.വി | 01.04.2016മുതൽ19.05.2016വരെ |
| | സൂര്യ.എസ് | 20.05.2016മുതൽ09.09.2016വരെ |
| | നവ്യ | 10.09.2016മുതൽ22.09.2016വരെ |
| | ലീന തോമസ് | 23.09.2016മുതൽ31.03.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ. | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | ആഭ്യന്തരനിയന്ത്രണം. | 1-12 |
| | ഭാഗം - 2 | |
| 13 | തൊഴിൽ നികുതി -അപാകതകൾ | 2-1 |
| 14 | ഡി&ഒ ലൈസൻസ് അപാകത | 2-2 |
| | ഭാഗം - 3 | |
| 16 | സർവ്വീസ് ടാക്സിൽ നിന്നും ഒഴിവാക്കിയ ഇനത്തിന് സർവ്വീസ് ടാക്സ് നല്കി. | 3-1 |
| 17 | പച്ചക്കറി കൃഷി – അപാകത | 3-2 |
| 18 | മരുന്ന് സമയബന്ധിതമായി ലഭിക്കുന്നില്ല. | 3-3 |
| 19 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചില്ല. | 3-4 |
| 20 | നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ – തുക തടസപ്പെടുത്തുന്നു | 3-5 |
| 21 | ഇ-ടെണ്ടർ പ്രവൃത്തികൾ - EMD, ടെണ്ടർ ഫീ മുതലായവ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 3-6 |
| | ഭാഗം - 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം1 |
| 33 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം2 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം3 |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 03.03.2016 തിയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| വരവ് | 10,18,95,010 | 4,66,20,435 | 5,52,74,575 | 54.25% |
| ചെലവ് | 10,54,31,000 | 4,26,32,778 | 6,27,98,222 | 59.56% |

2016-17 സാമ്പത്തിക വർഷം ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് യതാർത്ഥ വരവ് ചെലവിനേക്കാളും 54.25%,59.56% എന്ന നിലയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യക്തമായ മുന്നൊരുക്കത്തോടുകൂടി വേണം ബജറ്റ് തയ്യാറാക്കേണ്ടത്. അല്ലാത്തപക്ഷം ബജറ്റും യതാർത്ഥ വരവും തമ്മിൽ അന്തരം കൂടും. ഭാവിയിൽ ഇത്തരം മുന്നൊരുക്കത്തോടുകൂടി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 02.07.2017 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 17.07.2017 | സർട്ടിഫിക്കറ്റ് നല്കിയിട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,83,12,968 |
| വരവ് | 4,66,20,435 |
| ആകെ | 6,49,33,403 |
| ചെലവ് | 4,26,32,778 |
| നീക്കിബാക്കി | 2,23,00,625 |

## 1-5 ഫണ്ട് വിനിയോഗം

.

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,14,10,188 | 1,14,10,188 | 1,14,10,188 | 0 | 100 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 16,30,490 | 16,30,490 | 16,30,490 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 38,400 | 38,400 | 38,400 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3,15,987 | 3,15,987 | 3,15,987 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 20,53,800 | 20,53,800 | 20,53,800 | 0 | 100 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 40,34,608 | 40,34,608 | 40,34,608 | 0 | 100 |
| ലോക ബാങ്ക് സഹായം | 0 | 12,06,010 | 12,06,010 | 12,06,010 | 0 | 100 |
| MGNREGS | 376 | 11,23,255 | 11,23,631 | 11,20,812 | 2819 | 99.75 |
| ബി ഫണ്ട് | 0 | 5,23,24,600 | 5,23,24,600 | 5,23,24,600 | 0 | 0 |

.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 5,61,58,998 | 65 | 2,56,32,571 | 51 | 7 | 52.85 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 34.42% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2016-17 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 43,21,644 | 58,34,514 | (+)15,12,870 | (+) 35% |
| നികുതിയേതര വരവുകൾ | 6,11,135 | 10,64,694 | (+)4,53,559 | (+)74.22% |
| മറ്റുവരവുകൾ | 3,57,835 | 2,12,955 | (-)1,44,880 | (-)40.49% |
| ആകെ | 52,90,614 | 71,12,163 | (+)18,21,549 | (+)34.42% |

# 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 1,55,640 | 104 |
| കർഷകതൊഴിലാളി പെൻഷൻ | 6,04,690 | 60 |
| വിധവാപെൻഷൻ | 1,60,40,610 | 1292 |
| വാർദ്ധക്യകാലപെൻഷൻ | 2,96,18,270 | 2100 |
| വികലാംഗപെൻഷൻ | 31,91,540 | 296 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 22,93,850 | 208 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 4,20,000 | 14 |

സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.ടി.(ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നൽകിവരുന്നത്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2017ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50,342/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2017 | 05/2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2016 മുതൽ 12.07.2016 വരെ | 2011-12 മുതൽ 2015-16 വരെ | 27.08.2016 |

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | തൊഴിൽ കാർഡ് നല്കപ്പെട്ടവർ | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|
| SC | 290 | 6787 | 1277 | 1277 | 247 |
| ST | 24 | 637 | | | |
| GEN | 3261 | 59727 | | | |
| Total | 3575 | 67151 | | | |

| | | |
|---|---|---|
| മുന്നിരിപ്പ് | | 376 |
| തൻവർഷ വരവ് | EFMS | 1,99,99,159 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 11,23,255 |
| | ആകെ | 2,11,22,414 |
| ആകെ വരവ് | | 2,11,22,790 |
| ചെലവ് | EFMS | 1,99,99,159 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 11,21,981 |
| | ആകെ | 2,11,21140 |
| നീക്കിയിരിപ്പ് | | 1650 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 353 |

| | |
|---|---|
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 327 |

.

# 1-12 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് മീറ്റിംഗ് മിനട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്. യോഗ തീരുമാനങ്ങൾ / അഭിപ്രായങ്ങൾ മിനിറ്റ്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

# 1-13 ഓഡിറ്റ് ഇംപാക്ട്.

ഡി&ഒ ലൈസൻസ് ഇനത്തിൽ കുറവ് വന്നത് ഓഡിറ്റ് ചൂണ്ടി കാണിച്ചതിനെ തുടർന്ന് താഴെപ്പറയുന്ന വ്യക്തികൾ ഡി&ഒ ലൈസൻസ് ഫീ ഇനത്തിൽ 300/- അടച്ചു.

| ക്രമ നമ്പർ | ഉടമയുടെ പേര് | തുക | രസീത് നം/തീയതി |
|---|---|---|---|
| 1 | അനീഷ് ലാർസർ | 100 | 1171701179/19.07.17 |
| 2 | ദീപ എം.എ. | 200 | 117170101223/21.07.17 |
| ആകെ | | 300 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി-അപാകതകൾ

(1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല.എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് സ്ഥാപന ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി സി ബി പത്രിക തയ്യാറാക്കേണ്ടതുമാണ്. സാഖ്യാ അക്കൌണ്ട് പ്രകാരം തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ഡി& ഒ ലൈസൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല.

(2) 2016-17 വർഷത്തിൽ ഡി& ഒ ലൈസൻസ് നല്കിയ സ്ഥാപനങ്ങളിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു. ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസ് നമ്പർ | ഉടമ | സ്ഥാപനം |
|---|---|---|---|
| 1 | 15 | ഷിജി ജാക്സൺ | ടെക്സ്റ്റൈൽസ് |
| 2 | 43 | ശ്രീകുമാർ പി എൻ | ഇലക്ട്രോണിക്സ് സാധന വില്പന |
| 3 | 50 | സനൽ സോമൻ | സിമന്റ് വിൽപന |
| 4 | 54 | ലില്ലി ജോസഫ് | പലചരക്ക് വ്യാപാരം |

| | | | |
|---|---|---|---|
| 5 | 55 | മോഹനൻ കെ എസ് | പലചരക്ക് വ്യാപാരം |
| 6 | 64 | ബിബിൽ ലാൽ സി ബി | ഫർണിച്ചർ നിർമ്മാണ |
| 7 | 65 | വി എസ് ഗോപി | ഫർണിച്ചർ നിർമ്മാണ |
| 8 | 66 | രാജീവൻ എം പി | ഫ്ലവർ മിൽ |
| 9 | 77 | ഷിജൊ ജോർജ് | പീലിങ്ങ് ഷെഡ് |
| 10 | 125 | കെ ബി സതീഷ് | പലചരക്ക് വ്യാപാരം |
| 11 | 211 | കെ എൻ വിനോജ് കുമാർ | ലേഡീസ് സ്റ്റോർ |
| 12 | 250 | സൌമ്യ കെ എസ് | വസ്ത്ര വ്യാപാരം |
| 13 | 251 | ബോസ് എം ഇ | തയ്യൽ കട |

(3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ | IInd |
| 2 (2) | ബി എസ് എൻ എൽ | I &IInd |

ഈ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

## 2-2 ഡി&ഓ ലൈസൻസ് അപാകത

(1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാഖ്യാ അക്കൌണ്ട് പ്രകാരം ഡി& ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം ഡി& ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

(2)ഭൂരിഭാഗം ഡി & ഒ ലൈസൻസ് അപേക്ഷകളിലും ആവശ്യമായ എല്ലാവിവരങ്ങളും ചേർക്കുകയോ, അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണത്തിനു ശേഷം മതിയായ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്യുന്നില്ല. സ്ഥാപനത്തിന്റെ പേര്, കെട്ടിട നമ്പർ, സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/ യന്ത്രസാമഗ്രികളുടെ കുതിര ശക്തി മുതലായ വിവരങ്ങൾ കൃത്യമായും ചേർക്കേണ്ടതാണ്.സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/ യന്ത്രസാമഗ്രികളുടെ കുതിര ശക്തിഎന്നിവയുടെ സാധുത ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പാർട്ട് പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

(3) പരിശോധനയിൽ ലൈസൻസ് ഫീ കുറവായി ഈടാക്കിയതായി കണ്ട സ്ഥാപനങ്ങൾ.

| ക്രമ നം | സ്ഥാപനം | കുതിര ശക്തി/ ദിവസ വിറ്റുവരവ് | അടച്ച ഫീ രശീത് നമ്പർ | അടയ്ക്കേണ്ട ഫീ | ബാക്കി |
|---|---|---|---|---|---|
| 1 | മാവേലി സ്റ്റോർ | 20000രൂ | 300 11617100732 | 500 | 200 |

| | | | | | |
|---|---|---|---|---|---|
| | | | തീ. 4/5/16 | | |
| 2 | ഷാഹിത ടി എ ഡീസൽ റീട്ടൈൽ ഔട് ലെറ്റ് | 3000 ltr (3000x60= 180000) | 1000 11617100750 തീ.4/5/16 | 4000 | 3000 |
| 3 | ശൂലപാണി ഐസ് ഫാക്ടറി | 120 HP | 1200 11617101944 തീ. 9/8/16 | 2000 | 800 |
| 4 | സപ്ലൈകൊ സൂപ്പർമാർക്കറ്റ് , മൂത്തകുന്നം | 30000രൂ | 300 11617100423 തീ. 21/4/16 | 1000 | 700 |
| | ആകെ | | | | 4700 |

ഡി&ഒ ലൈസൻസ് ഫീ ഇനത്തിൽ കുറവ് ഈടാക്കിയ 4700/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർവ്വീസ് ടാക്സിൽ നിന്നും ഒഴിവാക്കിയ ഇനത്തിന് സർവ്വീസ് ടാക്സ് നല്കി.

| | |
|---|---|
| പ്രോജക്റ്റ് നം | S0024/17 |
| പ്രോജക്റ്റ് | കൃഷിഭവൻ/കുടുംബശ്രീ ഹാൾ മെയിന്റനൻസ് |
| അടങ്കൽ | 3,00,000/- രൂപ |
| ചെലവ് വിവരം | 261734/-രൂപ ബിൽ 01/16-17 തീ.17.12.16 |
| കരാറുകാരൻ | പി.ജെ.സാലി |
| അളവു പുസ്തകം | 121/16-17 |

കൃഷിഭവൻ/കുടുംബശ്രീ ഹാൾ മെയിന്റനൻസ് എന്ന പ്രൊജക്റ്റിന്റെ ബിൽ തുക നൽകിയപ്പോൾ 10.5% സർവ്വീസ് ടാക്സ് ഉൾപ്പെടെ കരാറുകാരന് നൽകിയിട്ടുണ്ട്. മിനിസ്ട്രി ഓഫ് ഫിനാൻസിന്റെ നോട്ടിഫിക്കേഷൻ No. 25/2012 dtd.20.6.2012, 9/2016/ dtd.1.3.2016 പ്രകാരം സർക്കാർ സ്ഥാപനങ്ങൾ/ തദ്ദേശ സ്ഥാപനങ്ങൾ എന്നിവയുടെ വാണിജ്യപരമല്ലാത്ത നിർമ്മാണം, അറ്റകുറ്റ പണികൾ തുടങ്ങിയ സേവനങ്ങളെ സർവ്വീസ് ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ മേൽപ്രവൃത്തിയിൽ ഇത് പരിഗണിക്കാതെ സർവ്വീസ് ടാക്സ് നൽകിയിട്ടുണ്ട്. നെഗറ്റീവ് ലിസ്റ്റിലുള്ള ഇനത്തിന് സർവ്വീസ് ടാക്സ് അടക്കേണ്ടതില്ല.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 236863.03 രൂപ |
| + സർവ്വീസ് ടാക്സ് @ 10.5% | 24870.62 |
| ആകെ | 261733.65 |
| Vat @ 4% | 9475 |
| Kcwwf 1% | 2369 |
| IT @ 1% | 2369 |
| കരാറുകാരന് നൽകിയത് | 247520.65 |

സേവന നികുതി ഇനത്തിൽ 24871/-രൂപ കരാറുകാരന് നല്കുകയും കരാറുകാരൻ ഈ തുക ബന്ധപ്പെട്ട സേവന നികുതി വകുപ്പിൽ അടക്കുകയും ചെയ്ത സാഹചര്യത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.ആയതിനാൽ മേൽ തുക തടസ്സപ്പെടുത്തുന്നു.

.

## 3-2 പച്ചക്കറി കൃഷി-അപാകത

| | |
|---|---|
| പ്രോജക്ട് നം | S0056/17 |
| പ്രോജക്ട് | പച്ചക്കറി കൃഷി |
| അടങ്കൽ | 261440/- രൂപ |
| ചെലവ് വിവരം | 2,00,000/-രൂപ<br>ബിൽ നം 03/16-17 തീയതി .31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ 2016-17 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പച്ചക്കറി കൃഷി എന്ന പദ്ധതിയിൽ 64 ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്തും, അനുബന്ധ ജൈവവളവും നല്കിയിരുന്നു. താഴെ പ്പറയുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കിയത്.ഒരു ഗുണഭോക്താവിന് 15 സെന്റ് എന്ന ആനുപാതത്തിൽ ഒരു യൂണിറ്റ് കണക്കാക്കി, യൂണിറ്റ് ഒന്നിന് 3000/-രൂപയുടെ വളം വാങ്ങിയതിന് 2250/- രൂപയും 600/- രൂപ ലേബർ ചാർജ്ജും സബ്സിഡി ഇനത്തിൽ നല്കിയിരുന്നു. വളം ലഭ്യമാക്കിയ വ്യക്തിയിൽ നിന്നും 2250/-രൂപയുടെ കൈപ്പറ്റ് രസീത് ഓരോ ഗുണഭോക്താവിന്റെയും ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എത്ര കിലോ വളം വാങ്ങിയെന്നും, ഒരു കിലോ ജൈവ വളത്തിന്റെ നിരക്കും, പർച്ചേസ് കമ്മറ്റി തീരുമാനവും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഇല്ലാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

.

## 3-3 മരുന്ന് സമയബന്ധിതമായി ലഭിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം | S0019/17 |
| പ്രോജക്ട് | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 713529/- രൂപ |
| ചെലവ് വിവരം | 6,00,000 ബിൽ 02/16-17 തീ.29.09.16<br>1,13,529 ബിൽ 02/16-17 തീ.28.03.17 |

വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം മെഡിക്കൽ ഓഫീസർ, ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥാനായി നടപ്പിലാക്കിയ ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ ഔഷധിക്ക് നല്കിയ തുകയ്ക്ക് മരുന്ന് മുഴുവനായി ലഭിച്ചില്ല.113529/-രൂപ ഔഷധിക്ക് നല്കിയെങ്കിലും താഴെ പ്പറയുന്ന ഇൻവോയ്സ് പ്രകാരമുള്ള മരുന്നു മാത്രമാണ് ലഭിച്ചത് .

| ഇൻവോയ്സ് നമ്പർ | തുക |
|---|---:|
| 4788/21.03.2017 | 27351 |
| 19326/23.05.2017 | 47023 |
| 23693/30.06.17 | 8925 |

| | |
|---|---|
| ആകെ | 83299 |

ബാക്കി ലഭിക്കുവാനുള്ള മരുന്ന് ലഭിക്കുന്നതുവരെ 30230/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | S0061/17 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 1,00,000/- രൂപ |
| ചെലവ് വിവരം | 1,00,000/-രൂപ ബിൽ 01/16-17 തീ.17.12.16 |

വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷം മെഡിക്കൽ ഓഫീസർ,ഹോമിയോ ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ കേരള ഹോമിയോപതിക്ക് കോ.ഓപ്പറേറ്റിവ് ഫാർമസി ലിമിറ്റഡിന് മരുന്ന് വാങ്ങുന്നതിന് 1,00,000/-രൂപ നല്കിയെങ്കിലും നാളിതുവരെ പ്രഫോർമാ ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമാകുന്നത് വരെ 1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-5 നിർവഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകൾ-തുക തടസപ്പെടുത്തുന്നു

താഴെ ചേർക്കും പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ലാത്തതിനാൽ ചെലവു തുക 1382015/-രൂപ തടസ്സപ്പെടുത്തുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള വാട്ടർഅതോറിറ്റി | വാവക്കാട് വള്ളാട്ടുതറ വാലത്തിന് സമീപം കുടിവെള്ള പൈപ്പ് ലൈൻ നീട്ടല്ല | 868402/ 02.12.2016 | 1,23,000 |
| | കുഞ്ഞിതൈ എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 601074/ 29.03.2017 | 65,000 |
| കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 600965/ 06.03.2017 | 11,02,615 |
| | കുഞ്ഞിത്തൈ എസ്.സി.കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 601083/ 29.03.2017 | 91,400 |
| ആകെ | | | 13,82,015 |

.

## 3-6 ഇ-ടെണ്ടർ പ്രവൃത്തികൾ - EMD, ടെണ്ടർ ഫീ മുതലായവ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

2016-17-ൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സമർപ്പിച്ച കരാറുകാരിൽ നിന്നും EMD, ടെണ്ടർ ഫീ മുതലായ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് സ്വീകരിച്ച പണം നാളിതുവരെയും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ഇക്കാലയളവിൽ ഇ-ടെണ്ടർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അടങ്കൽ | ഇ എം ഡി | ടെണ്ടർ ഫീ |
|---|---|---|---|---|
| 1 | SNറോഡ് മെറ്റലിങ്ങ്&ടാറിങ്ങ് | 71000 | 17750 | 1575 |
| 2 | ചിലങ്ങര റോഡ് കാന നിർമ്മാണം&കോൺക്രീറ്റിങ്ങ് | 705000 | 17650 | 1575 |
| 3 | തറയിൽകവല തൈക്കൂട്ടത്തിൽ റോഡ് | 558000 | 13950 | 1260 |
| 4 | ഗാന്ധിമന്ദിരം ഹരിജൻ കോളനി റോഡ് റീടാറിങ്ങ് | 570000 | 14250 | 1260 |
| 5 | സത്താർ ഐലന്റ് റോഡ് റീടാറിങ്ങ് | 495000 | 12400 | 1050 |
| 6 | വലിയ പറമ്പ് പടിഞ്ഞാറെ നികത്തിൽറോഡ് മെറ്റലിങ്ങ് & സംരക്ഷണ ഭിത്തി | 585000 | 14650 | 1260 |
| 7 | P.K.ശ്രീധരൻ റോഡ് റീടാറിങ്ങ് | 510000 | 12750 | 1155 |
| 8 | പകൽവീട് നിർമ്മാണം | 825000 | 20650 | 1785 |
| 9 | SCകമ്മ്യൂണിറ്റിഹാൾ നിർമ്മാണം | 1554000 | 38860 | 3360 |
| 10 | പഞ്ചായത്ത് ഓഫീസ് ഒന്നാം നില നിർമ്മാണം | 2700000 | 50000 | 5250 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,50,000 | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം | 1,50,000 | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,00,000 | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം | 2,00,000 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 175,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം | 175,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 175,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം | 175,000 | - |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർഅതോറിറ്റി | വാവക്കാട് വള്ളാട്ടുതറ വാലത്തിന് സമീപം കുടിവെള്ള പൈപ്പ് ലൈൻ നീട്ടല്ല | 868402/ 02.12.2016 | 123000 | -- | -- |
| കേരള വാട്ടർഅതോറിറ്റി | കുഞ്ഞിതൈ എസ്.സി.കോളനി പൈപ്പ് ലൈൻ നീട്ടൽ | 601074/ 29.03.2017 | 65000 | -- | -- |
| കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 600965/ 06.03.2017 | 1102615 | -- | -- |
| കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി ബോർഡ് | സമ്പൂർണ്ണ വൈദ്യുതീകരണം -വിഹിതം നല്കൽ | 2160/ 28.03.2017 | 108363 | -- | -- |
| കേരള സ്റ്റേറ്റ് ഇലക്ട്രസിറ്റി ബോർഡ് | കുഞ്ഞിത്തൈ എസ്.സി.കോളനിയിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 601083/ 29.03.2017 | 91400 | -- | -- |
| ആകെ | | | 1490378 | -- | -- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | 564/2010/LSGD തീ.22.02.2010 | 14437500 | 5775000 | 1443750 | -- | 4331250 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-1(1) | 2295 | ശ്രീ.സുനീഷ്, കരാറുകാരൻ | 1117100709/ 02.05.2016 |
| 2013-14 | 3-1(3) | 21601 | ശ്രീ.പി.ടി.ജോയ്, കുഞ്ഞിതൈ | 11617101399/ 22.06.2016 |
| 2014-15 | 2-1 | 700 | എം.ഡി.കേരള ഗാർമെന്റ്സ് | 11617101693/ 16.07.2016 |
| 2014-15 | 2-2 | 300(150+150) | ശ്രീ.ടി.ആർ.ശശി, ഡ്രൈവർ | 11617101923/ 05.08.2016 |
| 2014-15 | 2-2 | 150 | ശ്രീമതി.സരിത.സി.എസ്, കുരിയാപ്പിള്ളി ഹാന്റ് ലൂം | 11617101724/ 20.07.2016 |
| 2014-15 | 2-3 | 138 | ശ്രീ.വിജയകുമാർ, അയ്യംവേലി | 11617102840/ 30.09.16 |
| 2014-15 | 2-3 | 314 | ശ്രീ.സുരേഷ് ബാബു , കൊച്ചുറായിൽ | 11617102054/ 17.08.2016 |
| 2014-15 | 2-3 | 2891 | | 11617102055/ 17.08.2016 |
| | | 290 | | 11617102056/ 17.08.2016 |
| | | 187 | | 11617102057/ 17.08.2016 |
| | | 183 | | 11617102058/ 17.08.2016 |
| | | 144 | | 11617102059/ 17.08.2016 |
| | | 171 | | 11617102060/ 17.08.2016 |
| | | 65 | | 11617102061/ 17.08.2016 |

| | | | | |
|---|---|---|---|---|
| | | 60 | | 11617102062/ 17.08.2016 |
| | | 29 | | 11617102063/ 17.08.2016 |
| | | 111 | സാജൻ തറയിൽ, മടപ്ളാതുരുത്ത് | 11617102893/ 3.10.16 |
| | 3-1 | 4455 | വി.പി.പ്രസൂൺ, കരാറുകാരൻ | 11617103196/ 25.10.16 |
| | 3-2(1) | 36343 | | |
| | 3-2(2) | 2227 | പി.എൽ.ബെനഡിക്ട് , കരാറുകാരൻ | 11617103189/ 25.10.16 |
| | 3-2(3) | 913 | രാജേഷ്,കരാറുകാരൻ | 11617102980/ 5.8.16 |
| | 3-2(4) | 18073 | വി.പി.പ്രസൂൺ, കരാറുകാരൻ | 11617103196/ 25.10.16 |
| | 3-6 | 588 | എസ് ബി ഓഫ് സെറ്റ് പ്രസ് | 11617102694/ 20.9.16 |
| 2015-16 | 2-2 | 2500 | കെ.എസ്.ഇ.ബി, മൂത്തകുന്നം | 11617500017/ 24.1.17 |
| | | 2500 | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, മൂത്തകുന്നം | 11617104850/ 21.2.17 |
| | 2-3 | 1000 | ജോർജ് ലൂയിസ്, പൌർണമി എന്റർപ്രൈസസ്, മാല്യങ്കര | 111617104840/ 21.2.17 |
| | | 100 | സന്ദീപ് ബോസ് താന്നിപ്പിള്ളി, മാല്യങ്കര | 11617104478/ 25.1.17 |
| | | 3000 | V.S. സോമൻ,കാർത്തിക കനാൽ, ഒക്കൽ | 11617104663/ 9.2.17 |
| | | 100 | M.D,കേരള ഗാർമെന്റ്സ് PLtd,മടപ്ളാതുരുത്ത് | 11617104863/ 21.2.17 |
| | | 3000 | M.P.ജോഷി,മാടവനക്കാട്, മടപ്ളാതുരുത്ത് | 11617104490/ 25.1.17 |
| | | 3000 | ഷാഹിദ,മരക്കാപ്പറമ്പിൽ, കുഞ്ഞിത്തൈ | 11617104359/ 17.1.17 |
| | | 1000 | | 11617104360/ 17.1.17 |
| | | 700 | M.D,സപ്ലൈകോ സൂപ്പർ മാർക്കറ്റ്,മൂത്തകുന്നം | 11617104848/ 21.2.17 |
| | 3-3 | 9678 | T.S.ബിജിൽകുമാർ,കരാറുകാരൻ | 11617105117/ 2.3.17 |
| | | 4644 | സുനിൽ ബാബു,കരാറുകാരൻ | 11617105044/ 28.2.17 |
| | 3-5 | 952 | M.R.രാജേഷ്,ഡ്രൈവർ, സ്പെഷ്യൽ സ്കൂൾ | 11617104785/ 17.2.17 |
| | | 953 | K.S.സനീഷ്,ഡ്രൈവർ, പാലിയേറ്റീവ് കെയർ | 1161710786/ 17.2.17 |

| | | | | |
|---|---|---|---|---|
| 2006-07 | 3-12 | 3545 | O.P.ബിജു,കരാറുകാരൻ | 11617400011/ 9.2.17 |
| 2009-10 | 3-10 | 24885 | | 11617400011/ 9.2.17 |
| | | | | 11617400012/ 9.2.17 |
| | 3-11 | 11119 | | 11617400011/ 9.2.17 |
| | | | | 11617400012/ 9.2.17 |
| ആകെ | | 164904 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,66,20,435 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,26,32,778 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,37,116 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് ചെയ്യാവുന്ന തുക | സർച്ചാർജ്ജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-2 | 4,700 | - | ശ്രീ.സഞ്ചയ് പ്രഭ. സെക്രട്ടറി |
| ആകെ | 4700 | | |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 24,871 | ശ്രീമതി സിന്ധു.എസ്. അസി.എഞ്ചിനിയർ |

| | | |
|---|---|---|
| 3-3 | 30,230 | ഡോ.അനിൽകുമാർ<br>മെഡിക്കൽ ഓഫിസർ<br>ആയുർവേദം |
| 3-4 | 1,00,000 | ഡോ.മനീഷ<br>മെഡിക്കൽ ഓഫിസർ<br>ഹോമിയ ഡിസ്പെൻസറി |
| 3-5 | 1382015 | 65,000 ശ്രീ.ഷാജൻ.വി.എ,അസി.സെക്രട്ടറി<br>91,400 ശ്രീ.ഷാജൻ .വി.എ അസി.സെക്രട്ടറി<br>11,02,615 ശ്രീ.സഞ്ചയ് പ്രഭു സെക്രട്ടറി<br>1,23,000 ശ്രീ.സഞ്ചയ് പ്രഭു സെക്രട്ടറി |
| ആകെ | 15,37,116 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സഞ്ചയ് പ്രഭു<br>സെക്രട്ടറി | സെക്രട്ടറി<br>കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് | കണ്ണം പറമ്പിൽ (H)<br>നോർത്ത് പറവൂർ പി.ഒ<br>683513 |
| ശ്രീമതി.എസ്.സിന്ധു<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ<br>വടക്കേക്കര<br>ഗ്രാമ പഞ്ചായത്ത് | ശാന്താ ഭവൻ,<br>പെരുമ്പടന്ന,<br>വടക്കൻ പറവൂർ |
| ശ്രീ.ഷാജൻ.വി.എ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>വടക്കേക്കര<br>ഗ്രാമപഞ്ചായത്ത് | വടക്കുംചേരി(H)<br>മൂക്കന്നൂർ<br>പിൻ.683577 |
| ഡോ.അനിൽകുമാർ | മെഡിക്കൽ ഓഫീസർ<br>ആയുർവേദം<br>വടക്കേക്കര ഗ്രാമപഞ്ചായത്ത് | സായി സാരംഗ (H)<br>പുളിക്കൽ വീട്,<br>വടക്കൻ പറവൂർ |

.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി2)102/98/9.8.98 |
| 1997-98 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01/12.7.2002 |
| 2000-01 | എൽ.എഫ്.ഇ(പി2)1080/02/4.3.2003. |
| 2001-02 | എൽ.എഫ്.ഇ(പി2)22/04/29.3.2004 |
| 2002-03 | എൽ.എഫ്.ഇ(പി2)102/05/19.11.2005. |

| | |
|---|---|
| 2003-04 | എൽ.എഫ്.ഇ(പി2)98/07 |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08/21.2.09/10.6.09. |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08/21.2.09/10.6.09. |
| 2006-07 | എൽ.എഫ്.ഇ(പി2)1456/11/12.04.12/09.07.12. |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11/12.04.12/09.07.12 |
| 2008-09 | എൽ.എഫ്.ഇ(പി2)246/11/20.8.11 |
| 2009-10 | എൽ.എഫ്.ഇ(പി2)247/11/20.8.11 |
| 2010-11 | എൽ.എഫ്.ഇ(പി2)22/12/9.2.12/16.3.12. |
| 2011-12 &2012-13 | എൽ.എഫ്.ഇ(പി2)2019/13/23.11.13/16.12.13. |
| 2013-14 | എൽ.എഫ്.ഇ(പി10)1554/2015/9.9.15 |
| 2014-15 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |
| 2015-16 | കെ എസ് എ -ഇകെ എം(പി4)1175/2016/23.07.16 |

.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

| | |
|---|---|
| നം.കെ.എസ്.എ.ഇ.കെ.എം(പി12)1514/2017 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>ജില്ലാ ഓഡിറ്റ് കാര്യാലയം,<br>എറണാകുളം, സിവിൽ സ്റ്റേഷൻ,<br>കാക്കനാട് – 682030<br>ഫോൺ : 0484 – 2422271<br>email:doekm.ksad@kerala.gov.in |

| | |
|---|---|
| | തീയതി : 26.07.2016 |

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

| | |
|---|---|
| | ഡെപ്യൂട്ടി ഡയറക്ടർ |

.

# APPENDIX - I

## AUDIT CERTIFICATE – 2016-17

| | |
|---|---|
| No.KSAEKM(P12)1514/2017 | KeralaState Audit Department<br>District Audit Office,<br>Ernakulam,Civil Station,<br>Kakkanad – 682030<br>Phone : 0484 - 2422271<br>e-mail<br>:doekm.ksad@kerala.gov.in |
| | Date :26.07.2017 |

Certified that I have audited the Annual Financial Statement of Vadakkekara Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vadakkekara Grama Panchayat for the Financial Year 2016-17 except the observations in my audit report properly presents the picture of income and expenditure.

| | |
|---|---|
| | Deputy Director |